Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഖരമാലിന്യ നിർമ്മാർജ്ജനം - തിരുവനന്തപുരം നഗരസഭാതിർത്തിയിലെ മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും, മറ്റു സർക്കാർ മന്ദിരങ്ങളിലും, സർക്കാർ ഓഫീസുകളിലും,. ഫ്ളാറ്റുകളിലും മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 581/2012/തസ്വഭവ തീയതി, തിരുവനന്തപുരം 25.02.2012

പരാമർശം: ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/2/2012 ലെ 2404/സി1/2009/എസ്.എം നമ്പർ കത്ത്.

## ഉത്തരവ്

പരാമർശ കത്തിൽ വിശദീകരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ തിരുവനന്തപുരം നഗരസഭാതിർത്തിയിലെ മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും, മറ്റു സർക്കാർ മന്ദിരങ്ങളിലും, സർക്കാർ ഓഫീസുകളിലും, ഫ്ളാറ്റുകളിലും മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **സർക്കാർ മന്ദിരങ്ങളിലേയും ആഫീസുകളിലേയ്ക്കുമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ**

   i) ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും ഔദ്യോഗിക വസതികളുടെ വളപ്പുകളിൽ റിംഗ് കമ്പോസ്റ്റിംഗ് സംവിധാനവും 1 ക്യുബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ളാന്റുകളുമാണ് സ്ഥാപിക്കേണ്ടത്. ഇതിനുള്ള നടപടി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയർ അടിയന്തിര പ്രാധാന്യം നൽകി സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ശുചിത്വ മിഷനിൽ ലഭ്യമായിട്ടുള്ള ശുചിത്വകേരളം പ്ളാൻ ഫിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർക്ക് നൽകുന്നതാണ്.

ii) പദ്ധതി നടപ്പാക്കുന്നതിന് 1.03.2011 ലെ സ.ഉ.(കൈ)നം.73/2011/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകളും യൂണിറ്റ് കോസ്റ്റും അവലംബിക്കേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള സേവന ദാതാക്കൾ/അക്രഡിറ്റ് ഏജൻസികൾ മുഖാന്തിരം നടത്തേണ്ടതുമാണ്.

iii) മന്ത്രി മന്ദിരങ്ങളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ ശുചിത്വ മിഷൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പാക്കിയശേഷമേ ബിൽ തുക ബന്ധപ്പെട്ട സേവന ദാതാവിന്/അക്രഡിറ്റഡ് ഏജൻസിക്ക് നൽകാൻ പാടുള്ളൂ. ഇപ്രകാരം സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം ഓരോ മന്ത്രി മന്ദിരങ്ങളിലേയും ശുചിത്വ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളവർക്ക് ശുചിത്വമിഷന്റെ നേതൃത്വത്തിൽ നൽകേണ്ടതാണ്.

iv) മറ്റ് സർക്കാർ മന്ദിരങ്ങളുടേയും ആഫീസുകളുടേയും കാര്യത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ എസ്റ്റേറ്റ് ആഫീസർമാരുമായി കൂടി ആലോചിച്ച് കമ്പോസ്റ്റിംഗ് സംവിധാന ത്തോടൊപ്പം അനുയോജ്യമായ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന സ്ഥാപിക്കേണ്ടതുമാണ്.01.03.2011 ലെ സ.ഉ.(കൈ) നം.73/2011/ത.സ്വ.ഭ.വ പ്രകാരമുള്ള മാർഗ്ഗരേഖകളും യൂണിറ്റ് കോസ്റ്റും ഇവയ്ക്ക് ബാധകമായിരിക്കും. ഇവ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ട് അതാത് സ്ഥാപനങ്ങളുടെ കണ്ടിൻജൻസി ഫണ്ടിൽ നിന്ന് മാറ്റിവയ്ക്കേണ്ടതാണ്.

v) മന്ത്രി മന്ദിരങ്ങളിലും മറ്റ് സർക്കാർ മന്ദിരങ്ങളിലും ആഫീസുകളിലും സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണ പുരോഗതി ശുചിത്വമിഷൻ നിരീക്ഷിക്കേണ്ടതും സാങ്കേതിക മേന്മ ഉറപ്പാക്കേണ്ടതുമാണ്.

**2. ഫ്ളാറ്റുകളിലെ മാലിന്യസംസ്കരണം**

i) ഫ്ളാറ്റ് നിവാസികൾ ഉറവിടത്തിൽ തന്നെ ജൈവ മാലിന്യം സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കുവാനായി 02.10.2011 മുതൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കപ്പെടുന്ന ഫ്ളാറ്റുകൾക്കാണ് ഈ പദ്ധതി പ്രകാരമുള്ള സബ്സിഡിയ്ക്ക് അർഹതയുള്ളത്. അർഹതപ്പെട്ട ഫ്ളാറ്റുകളെ കണ്ടെത്തി

സബ്സിഡി വിതരണം ചെയ്യുന്നതിന് സർക്കാർ അനുവദിയ്ക്കുന്ന തുക കൂടി കണക്കിലെടുത്ത് വേണം നഗരസഭ പ്രോജക്ട് ആവിഷ്കരിക്കേണ്ടത്.

ii) ഫ്ളാറ്റ്നിവാസികളുടെ അസോസിയേഷനുകളിൽ നിന്നും നഗരസഭ അപേക്ഷകൾ വേണ്ടുന്ന വിശദാംശങ്ങൾ സഹിതം സ്വീകരിച്ച് നഗരസഭ തീരുമാനിയ്ക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ഖരമാലിന്യ സംസ്കരണ സംവിധാനമാണ് പദ്ധതി പ്രകാരം സ്ഥാപിക്കേണ്ടത്. കമ്പോസ്റ്റിംഗ്/വെർമികമ്പോസ്റ്റ്/കമ്പോസ്റ്റ്/ ബയോഗ്യാസ് പ്ളാന്റ് മുതലയാവ സ്ഥാപിക്കുന്നത് സർക്കാർ അംഗീകൃത സേവന ദാതാക്കൾ/അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തിരമായിരിക്കണം. ഇപ്രകാരം സേവനദാതാക്കളെ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്താക്കളുടെ താല്പര്യം കൂടി കണക്കിലെടുക്കേണ്ടതാണ്.

iii) സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി തുക അനുവദിക്കുന്നതിന് 1.3.2011ൽ സ.ഉ.(കൈ) നം. 73/11/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായുള്ള മാർഗ്ഗ രേഖകളും യൂണിറ്റ് കോസ്റ്റും അടിസ്ഥാനപ്പെടുത്തിയായിരിക്കണം. സർക്കാർ നിലവിൽ അംഗീകരിച്ചിട്ടുള്ള സാങ്കേതിക വിദ്യയിൽ നിന്നും വ്യത്യസ്തങ്ങളായ സംവിധാനം ഒരുക്കുന്ന സാഹചര്യങ്ങളിൽ അതിനുള്ള അംഗീകാരം ശുചിത്വമിഷൻ മുഖാന്തിരം സർക്കാരിൽ നിന്നും വാങ്ങിയിരിക്കേണ്ടതാണ്.

iv) നഗരസഭ നിയോഗിക്കുന്ന കൗൺസിലർ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം സബ്സിഡി തുക അനുവദിക്കേണ്ടത്. സബ്സിഡി തുക നിർവ്വഹണം നടത്തുന്ന സേവനദാതാക്കൾ വഴിയോ നേരിട്ടോ ഗുണഭോക്താവിന് ലഭ്യമാക്കാവുന്നതാണ്. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു കരാർ നഗരസഭയും, സേവനദാതാവും ഗുണഭോക്താവും ചേർന്ന് ഒപ്പു വയ്ക്കേണ്ടതാണ്.

v) പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനവും 01.03.2011ലെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പ്രവർത്തി പരിപാലനവും ഗ്യാരന്റിയും ഉറപ്പാക്കേണ്ടതിന്റെ ചുമതല സേവനദാതാവിൽ നിക്ഷിപ്തം ആയിരിക്കും.

vi) തിരുവനന്തപുരം നഗരസഭയിൽ ഉറവിടമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി സൂചന രണ്ടു പ്രകാരം നൽകിയിട്ടുള്ള അനുമതി അനുസരിച്ച് ഗാർഹിക തലത്തിലുള്ള പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനത്തിന് ആവശ്യമായ സൂചന ലെ ഉത്തരവനുസരിച്ചുള്ള സബ്സിഡി തുക (സർക്കാർ – തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം) ശുചിത്വമിഷന്റെ ശുചിത്വകേരളം പ്ലാൻ ഫണ്ടിൽ നിന്നും ശുചിത്വമിഷൻ നൽകേണ്ടതാണ്. ശേഷിക്കുന്ന തുക ഗുണഭോക്താക്കളിൽ നിന്നും കണ്ടെത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

vii) നഗരസഭ തയ്യാറാക്കുന്ന പ്രോജക്ടിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്കിന് പുറമേ വേണ്ടി വരുന്ന തുക ഗുണഭോക്തൃ വിഹിതമായി പ്രോജക്ടിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

viii) നഗരസഭ ആവിഷ്കരിക്കുന്ന പ്രോജക്ടിന് നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ഭരണ സാങ്കേതികാനുമതികൾ വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), Kerala,Thiruvananthapuram.
അക്കൗണ്ടന്റ് ജനറൽ(A&E)/(LBA&A), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ